**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**<u>പഞ്ചായത്തുകളിലെ ജോലിക്രമീകരണ വ്യവസ്ഥ</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1158 — 12.07.2016 ൽ മറുപടി നൽകേണ്ടത്

ചോദ്യം — ഉത്തരം

| **ശ്രീ. അൻവർ സാദത്ത്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായും പഞ്ചായത്തുകളിലെ ജീവനക്കാരുടെ ജോലി ഭാരം ലഘൂകരിക്കുന്നതിനായും നോൺ ഗസറ്റഡ് ജീവനക്കാർക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ ഫുൾടൈം കോ-ഓർഡിനേറ്റർമാരായി നിയമനം നൽകിയിരുന്നോ ; ഇത്തരം നിയമനം നിർത്തിവയ്ക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; നൽകിയിട്ടുണ്ടെങ്കിൽ പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഈ നിർദ്ദേശം പിൻവലിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ച ആദ്യ വർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി നോൺ ഗസറ്റഡ് ജീവനക്കാരെ അനിവാര്യമായ സന്ദർഭങ്ങളിൽ പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ പദ്ധതിയുടെ ഫുൾടൈം-കോർഡിനേറ്റർമാരായി നിയോഗിക്കുന്നതിന് സംസ്ഥാന സർക്കാർ അനുവാദം നൽകിയിരുന്നു. എന്നാൽ ഭരണപരവും സാങ്കേതികവുമായ പിന്തുണാ സംവിധാനങ്ങൾ പഞ്ചായത്തുകളിൽ ഏർപ്പെടുത്തുകയും നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ, പദ്ധതിയുടെ ഭരണച്ചെലവിൽ ഉൾപ്പെടുത്തി, മനുഷ്യ വിഭവശേഷി പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തുകൾക്ക് അനുവാദം നൽകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഫുൾടൈം-കോർഡിനേറ്റർമാരെ പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ നിയോഗിക്കേണ്ടതില്ലായെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിപ്രകാരം പ്രവൃത്തി ക്രമീകരണ വ്യവസ്ഥയിൽ ഗ്രാമ പഞ്ചായത്തുകളിൽ ജോലി ചെയ്തു വന്നിരുന്ന സർക്കാർ ജീവനക്കാർക്ക് തുടർച്ച അനുമതി നൽകേണ്ടതില്ലായെന്ന നിർദ്ദേശം പിൻവലിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ